(ബി) ജലബാഷ്പീകരണ വിശദീകരണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് വാട്ടർ അക്കൗണ്ടുകൾ ജെ.ഡബ്ലിയു..ആർ. ബോർഡ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ ഏതെങ്കിലും കാലഘട്ടത്തിലെ ജെ.ഡബ്ലിയു.ആർ ബോർഡ് അംഗങ്ങൾക്ക് മാത്രമായി ഇതിന്റെ ചുമതല ഉള്ളതായി കണക്കാക്കാനാവില്ല.

ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് കൊടുത്ത നടപടി

71 (72) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് ഏതെങ്കിലും സ്വകാര്യ കമ്പനികൾക്ക് വാടകയ്ക്കോ പാട്ടത്തിനോ താൽക്കാലിക ഉപയോഗത്തിനോ വിട്ടുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്വകാര്യ കമ്പനികൾക്കെന്ന് വിശദീകരിക്കുമോ ;

(സി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ട്രാവൻകൂർ ഹൗസ് വാടകയ്ക്കോ പാട്ടത്തിനോ ലഭിക്കാനായി ആരൊക്കെ എന്തെല്ലാം അപേക്ഷ നൽകിയിരുന്നു ;

(ഡി) ഇതിൽ കൈരളി ചാനലിന്റെ ആവശ്യത്തിന് ട്രാവൻകൂർ ഹൗസ് പൂർണ്ണമായോ ഭാഗികമായോ വിട്ടുകൊടുത്തിട്ടുണ്ടോ ;

(ഇ) ട്രാവൻകൂർ ഹൗസ് വാടകയ്ക്ക് നൽകണമെന്ന് കൈരളി ചാനൽ ആവശ്യപ്പെടുന്നതിന് മുമ്പ് ഈ ആവശ്യം ഉന്നയിച്ച് അപേക്ഷിച്ചവരുടെ അപേക്ഷ തള്ളിയത് എന്തെല്ലാം കാരണത്തിന്മേലായിരുന്നുവെന്ന് പറയുമോ ;

(എഫ്) എത്ര സ്ക്വയർമീറ്റർ സ്ഥലമാണ് ട്രാവൻകൂർ ഹൗസിൽ നിന്ന് കൈരളി ചാനലിന് നൽകിയത് ;

(ജി) എത്ര കാലത്തേയ്ക്ക് എന്ത് വാടകയ്ക്കാണ് ട്രാവൻകൂർ ഹൗസിൽ നിന്ന് കൈരളി ചാനലിന് സ്ഥലം നൽകിയത് ;

(എച്ച്) ആരാണ് ഈ വാടക നിശ്ചയിച്ചത് ; ഈ വാടക നിശ്ചയിക്കുന്നതിന് സ്വീകരിച്ച തത്വങ്ങൾ എന്തെല്ലാം ;

(ഐ) ഈ വാടക കുറഞ്ഞുപോയതായി ആരോപണം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതേപ്പറ്റി അന്വേഷിച്ച് പരിഹാരമുണ്ടാക്കുമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരത്തെ മലയാളം കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന് ട്രാവൻകൂർ ഹൗസ് കെട്ടിടത്തിലെ 2500 ചതുരശ്ര അടി സ്ഥലം വാടകയ്ക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി)

1. ഏഷ്യാനെറ്റ്, തിരുവനന്തപുരം
2. കേരള ഇലക്ട്രിക്കൽ അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, തിരുവനന്തപുരം
3. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ.

(ഡി) 2500 ചതുരശ്ര അടി സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്

(ഇ) അപേക്ഷകൾ ലഭിച്ച സമയത്ത് അപേക്ഷകരുടെ ആവശ്യത്തിനനുസരിച്ചുള്ള സ്ഥലം ട്രാവൻകൂർ ഹൗസ് കെട്ടിടത്തിൽ ലഭ്യമല്ലായിരുന്നു.

(എഫ്) 2500 ചതുരശ്ര അടി

(ജി) 21-6-2000 തീയതി മുതൽ 3 വർഷത്തേയ്ക്ക് ചതുരശ്ര അടിക്ക് പ്രതിമാസം 75 രൂപ നിരക്കിൽ വാടക നിശ്ചയിച്ചാണ് സ്ഥലം നൽകിയിട്ടുള്ളത്.

(എച്ച്) കേരള ഹൗസിൽ ജോലി ചെയ്യുന്ന പൊതുമരാമത്തു വകുപ്പിലെ എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് വാടക നിശ്ചയിച്ചിട്ടുള്ളത്.

(ഐ) ഇത് സംബന്ധിച്ച് ഒരു ഹർജി കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം

72 (73) ശ്രീ. കെ. മുഹമ്മദാലി : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം നഷ്ടത്തിലും ഏതെല്ലാം ലാഭത്തിലും നടന്നിരുന്നു എന്നു പറയാമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ടു മുമ്പുള്ള വർഷം ഇവയുടെ ഓരോന്നിന്റെയും ലാഭമോ നഷ്ടമോ എത്ര വീതമായിരുന്നു എന്നു പറയുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളിൽ ഏതെല്ലാം നഷ്ടത്തിലും ഏതെല്ലാം ലാഭത്തിലും നടന്നു വരുന്നു എന്നു പറയുമോ ;

(ഡി) 31-3-2000-ൽ അവസാനിക്കുന്ന വർഷത്തിൽ ഇവയുടെ ഓരോന്നിന്റെയും ലാഭമോ നഷ്ടമോ എത്ര വീതമെന്ന് പറയുമോ ; അതിനു ശേഷമുള്ള ഇവയുടെ ഓരോന്നിന്റെയും പ്രവർത്തനഫലം എന്തെന്നും ഇതുവരെ അവയോരോന്നും വരുത്തിയ ലാഭമോ നഷ്ടമോ എത്ര വീതമെന്നും പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly